# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/221/2016 പത്രക്കുറിപ്പ് 2016 ഒക്ടോബർ 17

എം.ജി: പി.ജി ഏകജാലക പ്രവേശനം: സപ്ലിമെന്ററി അലോട്മെന്റ് ഓപ്ഷൻ രജിസ്ട്രേഷൻ 19 വരെ
എം.ജി സർവ്വകലാശാലയുടെ ഏകജാലകം വഴിയുള്ള പി.ജി പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്മെന്റ് നടത്തുന്നു. ഒക്ടോബർ 19 വരെ പുതുതായി ഓപ്ഷൻ നൽകാം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും പങ്കെടുക്കാം. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ് സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാം. പിന്നീടുള്ള ആവശ്യങ്ങൾക്ക് പുതിയ ആപ്ലിക്കേഷൻ നമ്പർ ഉപയോഗിക്കണം. ലോഗിൻ ചെയ്ത ശേഷം നേരത്തെ നൽകിയ അപേക്ഷയിൽ തെറ്റുകൾ ഉണ്ടെങ്കിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. മേൽ വിഭാഗത്തിൽപ്പെടാത്തവർക്ക് പുതുതായി ഫീസൊടുക്കി സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കാം. സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകണം. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റ് ഔട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും. സപ്ലിമെന്ററി അലോട്മെന്റ് ഒക്ടോബർ 24ന് പ്രസിദ്ധീകരിക്കും. www.cap.mgu.ac.in എന്ന സൈറ്റിൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം.

## പരീക്ഷാ ഫലം

2015 ഡിസംബർ മാസം നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി സ്പെയ്സ് സയൻസ് ആന്റ് ടെക്നോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഒക്ടോബർ 31 വരെ സ്വീകരിക്കും.

2016 ജൂൺ/ജൂലൈ/ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ രണ്ട്, മൂന്ന്, അഞ്ച്, ആറ് സെമസ്റ്റർ ബി.എസ്.സി ബയോടെക്നോളജി (മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഒക്ടോബർ 28 വരെ സ്വീകരിക്കും.

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി പ്ലാന്റ് ബയോ ടെക്നോളജി (പി.ജി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഒക്ടോബർ 31 വരെ സ്വീകരിക്കും.

2016 മെയ് മാസം സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർരീതിയിൽ നടത്തിയ നാലാം സെമസ്റ്റർ എം.പി.എഡ് ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

## സ്റ്റാസ് എം.സി.എ, എം.എസ്.സി പ്രവേശനം

സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ്‌ന് സയൻസസിന്റെ എം.സി.എ (കോട്ടയം, ഇടപ്പള്ളി, പത്തനംതിട്ട സെന്ററുകൾ), എം.എസ്.സി അപ്ലൈഡ് ഇലക്ട്രോണിക്സ് (ഇടപ്പള്ളി) എന്നീ കോഴ്സുകൾക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. എം.എസ്.സി കംപ്യൂട്ടർ സയൻസ് (ഇടപ്പള്ളി, പത്തനംതിട്ട സെന്ററുകൾ)

കോഴ്സിന് കേന്ദ്രീകൃത പ്രവേശന സംവിധാനത്തിലൂടെ (ക്യാപ്) ഒക്ടോബർ 18, 19 തീയതികളിൽ അപേക്ഷിക്കാം. ഫോൺ 9447063153, 9447180151.

## എസ്.എം.ഇ അഡ്മിഷൻ കൗൺസിലിംഗ്

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ ഈഴവ/തിയ്യ വിഭാഗത്തിൽ ബി.എസ്.സി നഴ്സിങ്/എം.എൽ.റ്റി യിൽ (റാങ്ക് നമ്പർ 1401 മുതൽ 1900 വരെ) ഒഴിവുള്ള സീറ്റുകളിലേക്ക് ഒക്ടോബർ 21ന് രാവിലെ 11 മണിക്ക് അഡ്മിഷൻ കൗൺസിലിംഗ് നടത്തും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താൽപര്യമുള്ള വിദ്യാർത്ഥികൾ ടി.സി ഒഴികെയുള്ള എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും നിശ്ചിത ഫീസുമായി രക്ഷിതാക്കളോടൊപ്പം കോട്ടയം ഗാന്ധിനഗറിലുള്ള എസ്.എം.ഇ ഡയറക്ടറുടെ ഓഫീസിൽ എത്തിച്ചേരണം. വെബ് സൈറ്റ് : www.sme.edu.in , ഫോൺ 0481–6061014, 6061012.

## ഇന്റേണർ മാർക്ക് അപ് ലോഡിങ്: തീയതി നീട്ടി

മൂന്നും അഞ്ചും സെമസ്റ്റർ സി.ബി.സി.എസ്.എസ് (യു.ജി) പ്രോഗ്രാമുകളുടെ ഇന്റേണൽ മാർക്കുകൾ യൂണിവേഴ്സിറ്റി പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 24ന് 5 മണി വരെ ആയി ദീർഘിപ്പിച്ചു.

## ഗസ്റ്റ് ലക്ചററുടെ ഒഴിവ്

എം.ജി സർവ്വകലാശാലയുടെ മൂവാറ്റുപുഴ യൂണിവേഴ്സിറ്റി കോളജ് ഓഫ് ടീച്ചർ എജ്യൂക്കേഷനിൽ ഫിസിക്കൽ എജ്യൂക്കേഷൻ വിഷയത്തിൽ ഗസ്റ്റ് ലക്ചററുടെ താൽക്കാലിക ഒഴിവുണ്ട്. യു.ജി.സി/എൻ.സി.റ്റി.ഇ നിബന്ധനകൾ അനുസരിച്ച് യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികൾ പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ സ്വയം തയ്യാറാക്കിയ അപേക്ഷയും സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ കോപ്പകൾ സഹിതം ഒക്ടോബർ 20ന് രാവിലെ 11 മണിക്ക് പ്രിൻസിപ്പൽ മുൻപാകെ ഹാജരാകണം. എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും പരിശോധനയ്ക്ക് ഹാജരാക്കണം. ഫോൺ 0485–2833850/9446360667.

## സിൻഡിക്കേറ്റ് യോഗം മാറ്റി വച്ചു

എം.ജി സർവ്വകലാശാലയുടെ ഒക്ടോബർ 22ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന സിൻഡിക്കേറ്റ് യോഗം നവംബർ 5ന് രാവിലെ 10.30ന് സർവ്വകലാശാലാ കാമ്പസിലെ സിൻഡിക്കേറ്റ് ഹാളിൽ നടത്തുന്നതിനായി മാറ്റി വച്ചു.

## പുരസ്കാരദാനം നാളെ

മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ മികച്ച ജീവനക്കാർക്ക് നൽകുന്ന പി. ശേഖരൻ നായർ പുരസ്കാരം സെക്ഷൻ ഓഫീസർ സനൽകുമാർ. റ്റി. വി, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ രാജീവ്. എ എന്നിവർക്ക് നാളെ നടത്തുന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ സമ്മാനിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**